**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4399** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങളുടെ വരവ് പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത കണക്കിലെടുത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സുഭിക്ഷകേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതി ഘടകങ്ങൾ താഴെ കൊടുക്കുന്നു. 1. തരിശുഭൂമിയിലെ കൃഷി 2. ജൈവ ഗൃഹം-സംയോജിത കൃഷി 3. മഴമറയിലെ കൃഷി പ്രോത്സാഹനം 4. ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ 5. വായ്പാ സൗകര്യം 6. വിപണിയിലുള്ള ഇടപെടലുകൾ 7. കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് (കേന്ദ്ര പദ്ധതി) 8. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി |
| (ബി) | ഇതിനായി തരിശു ഭൂമി ഏറ്റെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും തരിശായി കിടക്കുന്ന കൃഷിയോഗ്യമായ ഭൂമി കണ്ടെത്തി കൃഷി ചെയ്യുക എന്ന ലക്ഷ്യമാണ് കൈവരിച്ചത്. പ്രധാനമായും നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, |

| | | | |
|---|---|---|---|
| | | | പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളാണ് കൃഷി ചെയ്തത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. പ്രോജക്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലൂടെ 25000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 2020-21 വർഷത്തിൽ നടപ്പിലാക്കിയ തരിശുഭൂമിയിലെ കൃഷി സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളെയാണ് കൃഷി വികസനത്തിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും സഹകരണത്തോടുകൂടിയാണ് കൃഷി വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ ഹരിതകേരളം, കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകൾ, മറ്റ് ഏജൻസികൾ, കാർഷിക- വെറ്ററിനറി- ഫിഷറീസ് സർവ്വകലാശാലകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ ,പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, ബഹുജന സംഘടനകൾ, റസിസന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണവും പദ്ധതികൾ സുഗമവും കാര്യക്ഷമവുമായി നടത്തുന്നതിന് പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | വിള | കൃഷി ചെയ്ത വിസ്തീർണ്ണം (ഹെ.) | ധനസഹായ നിരക്ക് (രൂപ/ ഹെ.) |
|---|---|---|---|
| 1 | നെല്ല് | 9070 | 40000 |
| 2 | പച്ചക്കറി | 4527 | 40000 |
| 3 | ഫലവർഗ്ഗം (വാഴ) | 3381 | 35000 |
| 4 | കിഴങ്ങുവർഗ്ഗം | 4908 | 30000 |
| 5 | പയർവർഗ്ഗം | 636 | 30000 |
| 6 | ചെറുധാന്യങ്ങൾ | 325 | 30000 |